കുടുംബ കോടതികൾ

88. [853] ശ്രീ. കെ. മുഹമ്മദാലി :
" പി.ജെ. ജോയി :
" എം. മുരളി :

പ്രൊഫ. കെ.വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബ കോടതികൾ പ്രവർത്തിക്കുന്നു. ;

(ബി) ഓരോ താലൂക്കിലും കുടുംബ കോടതി സ്ഥാപിക്കുവാൻ വ്യവസ്ഥയുണ്ടോ ;

(സി) എങ്കിൽ അതനുസരിച്ച് ഇനി എത്ര താലൂക്കുകളിൽ കുടുംബ കോടതികൾ സ്ഥാപിക്കുവാനുണ്ട് ;

(ഡി) ഈ താലൂക്കുകളിൽ എന്നത്തേക്ക് കുടുംബകോടതി സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പതിനാല്.

(ബി) ഇല്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

മുൻസിഫ് കോടതിക്കും മജിസ്ട്രേറ്റ് കോടതിക്കും മതിയായ സ്ഥലസൗകര്യം

89. [854] ശ്രീ. എ.സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലപ്പള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിലെ മുൻസിഫ് കോടതിയുടെയും മജിസ്ട്രേറ്റ് കോടതിയുടെയും പ്രവർത്തനത്തിനു ഇന്നുള്ള സ്ഥലസൗകര്യം അപര്യാപ്തമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കോടതി കെട്ടിടം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്ത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly